## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3261 11.12.2014-ലെ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥനെതിരെയുള്ള പരാതികൾ

**ചോദ്യം**

ശ്രീ. വി. ശിവൻകുട്ടി

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പൊതുമരാമത്ത് വകുപ്പിന്റെ ചീഫ് എഞ്ചിനീയർ ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് ക്ലാർക്ക് ആയ വി. മധുവിനെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കയാണെന്നും വിശദമാക്കാമോ;

(ബി) ഒരു ഉദ്യോഗാർത്ഥിയുടെ നിയമനം അട്ടിമറിച്ചതുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന്റെ പേരിൽ നിയമസഭാ പെറ്റീഷൻ കമ്മിറ്റി മുമ്പാകെ പരാതി ലഭിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഇതു സംബന്ധിച്ചുള്ള എന്തെങ്കിലും റിപ്പോർട്ടുകൾ പ്രസ്തുത കമ്മിറ്റിയിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ ;

(സി) പത്തനംതിട്ട ജില്ലയിലെ ലൈൻമാൻ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഇയാൾക്കെതിരെ നിയമസഭാ പെറ്റീഷൻ കമ്മിറ്റി മുമ്പാകെ പരാതി നൽകിയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത നിയമസഭാ കമ്മിറ്റി സർക്കാരിന് ശുപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) (ബി) & (സി) ഈ വിഷയം സംബന്ധിച്ച് കേരളാ നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുഖേന സർക്കാരിനും പൊതുമരാമത്ത് വകുപ്പ് (ഭരണ വിഭാഗം)ചീഫ് എഞ്ചിനീയർക്ക് നേരിട്ടും ലഭിച്ചിട്ടുള്ള പരാതിയിലെ വിവരങ്ങളെ അടിസ്ഥാനമാക്കി പൊതുമരാമത്ത് വകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി വരുന്നു. ഹർജികൾ സംബന്ധിച്ച സമിതി ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) മേല്‍പ്പറഞ്ഞ ഉദ്യോഗസ്ഥനെ ഇപ്പോള്‍ ജോലി ചെയ്യുന്ന സീറ്റില്‍ നിന്നും മാറ്റണമെന്ന് 28.05.14-ന് ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി, 1005 /NOR/14/M(W) നമ്പര്‍ ഉത്തരവു പ്രകാരം, ചീഫ് എഞ്ചിനീയര്‍ (അഡ്മിനിസ്ട്രേഷന്‍)-നോട് നിര്‍ദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത ഉത്തരവ് നാളിതുവരെ നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

(ഡി) ടി ഉദ്യോഗസ്ഥനെ 23/07/14 തീയതി മുതല്‍ പ്രസ്തുത ഓഫീസില്‍ നിന്ന് സ്ഥലം മാറ്റിയിട്ടുണ്ട്.

**സെക്ഷന്‍ ഓഫീസര്‍**